LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്കനുവദിച്ചിരുന്ന മണ്ണെണ്ണ കോട്ട പുനഃസ്ഥാപിക്കുന്നതിന് നടപടി

193 (1663) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കനുവദിച്ചിരുന്ന മണ്ണെണ്ണയുടെ കോട്ട വെട്ടികുറച്ചതുമൂലം അവർ അനുഭവിക്കുന്ന കടുത്ത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീരപ്രദേശങ്ങളിൽ സമ്പൂർണ്ണവൈദ്യുതീകരണപദ്ധതി നടപ്പാക്കിയതാണോ കോട്ട വെട്ടിക്കുറയ്ക്കാൻ കാരണമായതെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യം കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യുകയുണ്ടായോ ;

(ഡി) എങ്കിൽ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ് ;

(ഇ) കോട്ട പുനഃസ്ഥാപിക്കുന്നതിനു പുറമേ എന്തെങ്കിലും പുതിയ ആവശ്യങ്ങൾ ചർച്ചയിൽ കേന്ദ്രത്തിന് മുമ്പിൽ സമർപ്പിക്കുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതിനെ തുടർന്നുണ്ടായ സാഹചര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതവും കുറയ്ക്കാനിടയാക്കിയത്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിവന്നിരുന്ന മണ്ണെണ്ണ വിഹിതം സംസ്ഥാന സർക്കാർ പുനഃസ്ഥാപിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണത്തിന് യാതൊരു ബന്ധവുമില്ല.

(സി-ഇ) മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക മണ്ണെണ്ണ കോട്ട അനുവദിക്കണമെന്ന് കേന്ദ്രത്തോട് സംസ്ഥാനം നിരന്തരമായി ആവശ്യപ്പെട്ടു വരുന്നതാണ്. എന്നാൽ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. സംസ്ഥാന റേഷൻ വിഹിതത്തിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകാൻ പാടില്ല എന്നതാണ് കേന്ദ്ര നിലപാട്. ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ അധികമായി ലഭ്യമാക്കുന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

160 (1630) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെട്ട എല്ലാവർക്കും ആനുകൂല്യം നൽകുവാൻ കഴിയുമോ ; ഇപ്രാവശ്യം കിട്ടാത്തവരെ അടുത്ത വർഷം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?